**ബദ്ധോ മുക്ത ഇതി വ്യാഖ്യാ ഗുണതോ മേ ന വസ്തുത:**
**ഗുണസ്യ മായാമൂലത്വാന്ന മേ മോക്ഷോ ന ബന്ധനം (11-11-1)**
**ദേഹസ്ഥോƒപി ന ദേഹസ്ഥോ വിദ്വാൻ സ്വപ്നാദ്യഥോത്ഥിത:**
**അദേഹസ്ഥോƒപി ദേഹസ്ഥ: കുമതി: സ്വപ്നദൃഗ്യഥാ (11-11-8)**
**യസ്യ സ്യുർവ്വീതസങ്കൽപ്പാ: പ്രാണേന്ദ്രിയമനോധിയാം**
**വൃത്തയ: സവിനിർമുക്തോ ദേഹസ്ഥോƒപി ഗി തദ്ഗുണൈ: (11-11-14)**
**സൂര്യോƒഗ്നിർ ബ്രാഹ്മണോ ഗാവോ വൈഷ്ണവ: ഖം മരുജ്ജലം**
**ഭൂരാത്മാ സർവ്വ ഭൂതാനി ഭദ്ര പൂജാപദാനി മേ (11-11-42)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:* ബന്ധനവും മുക്തിയും ഗുണസംബന്ധിയത്രെ. ഗുണങ്ങൾ മായാധിഷ്ഠമായതിനാൽ ബന്ധവും മുക്തിയും എന്നിൽ ഇല്ല. അതുപോലെ തന്നെ ദേഹാന്തരപ്രാപ്തി, കർമ്മം, സുഖം, ദു:ഖം ഇവയെല്ലാം അജ്ഞാനസംബന്ധിയത്രെ. സത്യമല്ല. എന്നാൽ അജ്ഞാനവും അതിൽ നിന്നു കരകയറ്റുന്ന വിജ്ഞാനവും എന്നെക്കുറിച്ചുള്ളതും അനാദിയുമത്രെ. അങ്ങിനെ സ്വയം ഉണർവുണ്ടാവുന്നതുവരെ ജീവൻ സ്വയം ബന്ധിതനെന്ന് കരുതുന്നു. സ്വപ്നത്തിൽനിന്നുണർന്ന ഒരുവന് സ്വപ്നത്തിൽനിന്നു മുക്തി ലഭിക്കുംപോലെ വിജ്ഞാനിയായ ഒരുവൻ ദേഹസ്ഥനാണെങ്കിൽക്കൂടി ദേഹബന്ധിതനല്ല. എന്നാൽ അജ്ഞാനിയായവൻ സ്വയം ബന്ധിതനല്ലെങ്കിലും ദേഹബന്ധിതനാണെന്ന് അനുമാനിക്കുന്നു. സ്വപ്നാവസ്ഥയിൽ തുടരുന്നവന്റെ അവസ്ഥയത്രെ അത്. വിവേകിയായ ഒരുവൻ തന്റെ ജീവശാസ്ത്രപരവും മാനസീകവുമായ ദേഹീകരണം സൃഷ്ടിയുടെ ഭാഗമാണെന്ന് മനസ്സിലാക്കി അവയുടെ പരസ്പര പ്രവർത്തനങ്ങളാൽ ബാധിക്കപ്പെടുന്നില്ല. അയാളുടെ പ്രവൃത്തികൾ അഹിംസാപരമാണ്. അയാളുടെ പ്രാണശക്തി, ഇന്ദ്രിയങ്ങൾ, മനസ്, ബുദ്ധി ഇവ സ്വാർത്ഥപരമായ ആഗ്രഹങ്ങളാലോ ചിന്തകളാലോ കലുഷമല്ല. അയാൾക്ക് സുഖദു:ഖങ്ങളിൽ ചാഞ്ചല്യമില്ല. മാനാപമാനങ്ങളുമില്ല. അയാൾ മറ്റുള്ളവരെ വിമർശിക്കുയോ, പുകഴ്ത്തുകയോ, നിന്ദിക്കുയോ ചെയ്യുകയില്ല. അതുകൊണ്ട് ജ്ഞാനി എല്ലായ്പ്പോഴും എന്നെക്കുറിച്ചാണ് സംസാരിക്കേണ്ടത്. എന്നാൽ എപ്പോഴും എന്നിൽ മനസ്സുറപ്പിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലെങ്കിൽ എനിക്കുവേണ്ടി നിങ്ങളുടെ കർമ്മങ്ങൾ സ്വാർത്ഥലേശമില്ലാതെ അനുഷ്ഠിക്കുക. എന്നെക്കുറിച്ചുള്ള കഥകൾ കേൾക്കുകയുംഷ പാടുകയും അഭിനയിക്കുകയും ചെയ്യുക. ധർമ്മനിഷ്ഠ യുംഷ സമ്പത്തും ആസ്വാദനവും എനിക്കായി സമർപ്പിക്കുക. നിങ്ങൾ എന്നിലെത്തിച്ചേരുന്നതാണ്.

*ഉദ്ധവർ ചോദിച്ചു.* എന്താണ് ഭക്തി? ഭക്തലക്ഷണങ്ങൾ എന്തെല്ലാം?

*ഭഗവാൻ കൃഷ്ണൻ മറുപടി പറഞ്ഞു:* ഒരു ഭക്തൻ കൃപാലുവും നിരുപദ്രവിയും സഹനശക്തിയുള്ളവനും സത്യവാനും തെറ്റുചെയ്യാത്തവനും സമചിത്തനും സർവ്വോപകാരിയും കാമമറ്റവനും അച്ചടക്കമുള്ളവനും മൃദുഭാഷിയും ശുദ്ധനും ദരിദ്രനും നിഷ്ക്രിയനും മിതശീലനും ശാന്തനും ഉറച്ചവനും എന്നിൽ ഭക്തിയുള്ളവനും ജാഗരൂകനും അക്ഷോഭ്യനും വിനയവാനും ശക്തനും സൗഹൃദമുള്ളവനുമത്രെ. വിഗ്രഹപൂജ, മഹിമാകഥനം, ധ്യാനം, ക്ഷേത്രോത്സവങ്ങൾ, എന്നെ പൂജിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുക, മൂർത്തീസ്ഥാപനം നടത്തുക, സാമൂഹികവും ക്ഷേമപരവുമായ പ്രവർത്തനങ്ങൾ നടത്തുക (അതിനെപ്പറ്റി അഭിമാനം പുലർത്താതെ), ഏറ്റവും ഇഷ്ടപ്പെടുന്നതെന്തോ അത് എനിക്കായി സമർപ്പിക്കുക, ഇവയെല്ലാം എന്നോടുള്ള ഭക്തിസാധനയുടെ ഭാഗമത്രെ. സൂര്യൻ, അഗ്നി, ബ്രാഹ്മണർ, പശുക്കൾ, വിഷ്ണുഭക്തർ, ആകാശം, വായു, ജലം, ഭൂമി, ആത്മാവ് എന്നല്ല എല്ലാ ജീവജാലങ്ങളും എന്നെ ഭക്തിസാധനയിലൂടെ പ്രാപിക്കാനുതകുന്ന ഉപാധികളത്രെ. ശരിയായ മാർഗ്ഗങ്ങളാൽ, ഈ ഉപാധികളിലൂടെ എന്നെ പൂജിക്കുക. ആത്മസാക്ഷാത്ക്കാരത്തിലേക്ക് എന്നോടുള്ള ഭക്തിയല്ലാതെ മറ്റൊരു രാജപാതയുമില്ല തന്നെ. ഇതു സാധിക്കുവാൻ ദിവ്യരുമായുള്ള സൽസംഗം ഉണ്ടാകട്ടെ.